# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 240 08.06.2015-ൽ മറുപടിയ്ക്ക്**

**<u>മാവോയിസ്റ്റ് പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. സി. ജോർജ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മാവോയിസ്റ്റ് പ്രവർത്തനം കുറ്റകരമല്ലെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) മാവോയിസ്റ്റ് പ്രവർത്തനം കുറ്റകരമല്ല എന്ന് ഹൈക്കോടതി വിധിച്ചിട്ടില്ല. ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.<br><br>"Being a Maoist is no crime, though the political ideology of Maoist does not synchronize with our constitutional polity. It is a basic human right to think in terms of human aspirations. The freedom of thought and liberty of conscience is a natural right and cannot be surrendered by any human being and that freedom is ingrained in human mind and soul. However, that freedom becomes unlawful when it confronts with the positive laws of the State. If the maoist organisation is a proscribed organisation under law, activities of the Maoist organisation can be interfered. If an individual or organisation abhors and resorts to physical violence, law agency can prevent or take action against that individual or organisation. It is only when private thoughts or ideas become repugnant to the public values as envisaged under law, the private activities become unlawful. " |
| (ബി) ഇതിനെതിരെ അപ്പീൽ പോകാൻ സർക്കാരിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) ഹൈക്കോടതി വിധി പരിശോധിച്ചു വരുന്നു. |
| (സി) കേരളത്തിൽ മാവോയിസ്റ്റുകളുടെ എണ്ണം എത്രയെന്ന് ആഭ്യന്തര വകുപ്പ് കണക്കാക്കിയിട്ടുണ്ടോ ; വിവരിക്കുമോ ; | (സി) കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തകരുടെയും അവരുടെ സഹായികളുടേയും വിവരങ്ങൾ പോലീസിന്റെ പക്കലുണ്ട്. പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

| | |
|---|---|
| (ഡി) കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തകർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും വിശദമാക്കുമോ ; | (ഡി) നിയമവിരുദ്ധ മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 101 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| (ഇ) കേരളത്തിൽ മാവോയിസ്റ്റുകളുടെ പ്രധാന നേതാക്കൾ ആരെന്ന് ആഭ്യന്തര വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പേരുവിവരം വിശദമാക്കുമോ ? | (ഇ) നിയമവിരുദ്ധ മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കേസുകളിലെ പ്രതികളെ പോലീസ് അന്വേഷിക്കാറുണ്ട് അതിൽ നേതാവെന്നോ അനുയായിയെന്നോ വേർതിരിവില്ല. |

സെക്ഷൻ ഓഫീസർ.